**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219** **25-10-2021 - ൽ മറുപടിയ്ക്ക്**

**മലയാള ഭാഷാ പാഠാവലിയിൽ അക്ഷരമാല ചേർക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭാഷാബോധന രംഗത്ത് ആശയാവതരണരീതിയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾത്തന്നെ അക്ഷരമാലയ്ക്ക് കൂടി പ്രാധാന്യം നൽകുന്നതിനായി മലയാളം ഭാഷാ പാഠാവലികളിൽ അക്ഷരമാല ചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | മലയാളം പാഠപുസ്തകങ്ങളിൽ അക്ഷരമാലയായി നൽകിയിട്ടില്ലെങ്കിലും അതതിടങ്ങളിൽ കൃത്യമായി അക്ഷരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരങ്ങൾ എഴുതേണ്ട വിധം എങ്ങനെയാണെന്ന് അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആലേഖനക്രമം അധ്യാപകർ കുട്ടികൾക്ക് നൽകി വരുന്നു. ഇപ്പോൾ ആശയാവതരണത്തിലൂടെ അക്ഷരം പഠിപ്പിക്കുന്ന രീതിയാണ് പിന്തുടരുന്നത്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്ന ഘട്ടത്തിൽ മലയാള ഭാഷാ പാഠാവലികളിൽ അക്ഷരമാല ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പാഠ്യപദ്ധതിപരിഷ്കരണം നടക്കുന്ന വേളയിൽ കരിക്കുലം കമ്മിറ്റിയുടെ വിദഗ്ധോപദേശം അനുസരിച്ച് പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ